# പോരുവഴി പഞ്ചായത്ത്

1953 ആഗസ്റ്റ് 15-നാണ് അവിഭക്ത പോരുവഴി പഞ്ചായത്ത് നിലവില്‍ വന്നത്. ഇന്നത്തെ ശാസ്താംകോട്ട പഞ്ചായത്തുപ്രദേശം അന്ന് പോരുവഴിയുടെ ഭാഗമായിരുന്നു. അന്ന് 11 വാര്‍ഡുകളായിരുന്നു. കൊച്ചുതുണ്ടില്‍ കെ.ഗോപാലപിള്ളയായിരുന്നു ആദ്യത്തെ പ്രസിഡന്റ്. 1963-ല്‍ വില്ലേജടിസ്ഥാനത്തില്‍ പോരുവഴി പഞ്ചായത്ത് വിഭജിക്കുകയും ഇന്നത്തെ പോരുവഴി പഞ്ചായത്തും ശാസ്താംകോട്ട പഞ്ചായത്തും നിലവില്‍ വരികയും ചെയ്തു. 21-12-1963-ല്‍ പുതിയ പോരുവഴി പഞ്ചായത്ത് നിലവില്‍ വന്നു. താഴത്തുവീട്ടില്‍ എന്‍ .രാമചന്ദ്രന്‍ ഉണ്ണിത്താന്‍ ആയിരുന്നു ആദ്യത്തെ പ്രസിഡന്റ്. കൊല്ലം ജില്ലയിലെ കുന്നത്തൂര്‍ താലൂക്കിലെ ശാസ്താംകോട്ട ബ്ളോക്കിലുള്ള ഒരു കൊച്ചു ഗ്രാമപഞ്ചായത്താണ് പോരുവഴി. പോരുവഴി എന്ന ഒരു വില്ലേജ് മാത്രമടങ്ങുന്നതാണ് ഈ ഗ്രാമപഞ്ചായത്ത്. കൊല്ലം ജില്ലയിലെ വടക്കുപടിഞ്ഞാറു ഭാഗത്തായി കിടക്കുന്ന പോരുവഴി പഞ്ചായത്ത് ശാസ്താംകോട്ട പട്ടണത്തില്‍ നിന്നും ഏകദേശം 4 കിലോമീറ്റര്‍ വടക്കുമാറി സ്ഥിതി ചെയ്യുന്നു. ശാസ്താംനട എന്ന സ്ഥലത്താണ് പഞ്ചായത്ത് ആഫീസ് സ്ഥിതി ചെയ്യുന്നത്. 19.35 ചതുരശ്രകിലോമീറ്ററാണ് പഞ്ചായത്തിന്റെ ആകെ വിസ്തീര്‍ണ്ണം. വടക്കുഭാഗത്ത് പത്തനംതിട്ട ജില്ലയിലെ പള്ളിക്കല്‍ പഞ്ചായത്തും, കിഴക്കുഭാഗത്ത് പത്തനംതിട്ട ജില്ലയിലെതന്നെ കടമ്പനാട് പഞ്ചായത്തും, തെക്കുകിഴക്കുഭാഗത്ത് കുന്നത്തൂര്‍ പഞ്ചായത്തും, തെക്കുഭാഗത്ത് ശാസ്താംകോട്ട പഞ്ചായത്തും, പടിഞ്ഞാറുഭാഗത്ത് ശൂരനാട് വടക്കും, തെക്കും പഞ്ചായത്തുകളുമാണ് പോരുവഴി പഞ്ചായത്തുമായി അതിര്‍ത്തി പങ്കുവയ്ക്കുന്ന പ്രദേശങ്ങള്‍. വിസ്തൃതിയേറിയ കുന്നിന്‍ ചരിവുകളും വിശാലമായ താഴ്വരകളും ഉയര്‍ന്ന കുന്നിന്‍ പുറങ്ങളും എല്ലാം ഇടകലര്‍ന്ന മനോഹരമായ ഭൂപ്രകൃതിയാണ് പോരുവഴിയുടേത്. പോരുവഴിക്ക് പോരിന്റേയും വീറിന്റേയും പാരമ്പര്യമുണ്ട്. വീരശൂര പരാക്രമികളായ കടമ്പ രാജാവും ശൂര രാജാവും തമ്മില്‍ ഏറ്റുമുട്ടിയ ചക്കുവള്ളി പടനിലം എന്ന സ്ഥലം ഇന്നും ആ പുരാതനയുദ്ധചരിത്രത്തിന്റെ നിത്യസ്മാരകമാണ്. കാവുകളുടേയും കളരികളുടേയും കുളങ്ങളുടേയും നാടാണ് പോരുവഴി. പള്ളിക്കലാറ് പോരുവഴിയുടെ വടക്കേ അതിരായൊഴുകുന്നു.കേരളത്തിലെ ഏക ദുര്യോധനക്ഷേത്രമായ പോരുവഴി പെരുവിരുത്തി മലനട ക്ഷേത്രം ഇവിടെയാണ്.

# 🎀 സാമൂഹിക-സാംസ്കാരിക ചരിത്രം

പോരിന്റേയും വീറിന്റേയും ചരിത്രം ആവോളം പറയാനുള്ള നാടാണ് പോരുവഴി. പോരിനായി രണശൂരന്മാരായ രാജാക്കന്മാരുടെ കാലാള്‍പ്പടയും കുതിരപ്പടയും പടനിലങ്ങളിലേക്ക് കുതിച്ചത് ഈ നാടിന്റെ വഴിത്താരകളിലൂടെയാണെന്ന് പറയപ്പെടുന്നു. വീരശൂരപരാക്രമികളായ കടമ്പ രാജാവും ശൂര രാജാവും തമ്മില്‍ ഏറ്റുമുട്ടിയത് ചക്കുവള്ളി എന്ന പടനിലത്തു വച്ചാണ് (കടമ്പരാജാവിന്റെ നാട് പില്‍ക്കാലത്ത് കടമ്പനാടെന്നും ശൂരന്റെ നാട് ശൂരനാടെന്നും വിളിക്കപ്പെട്ടു). ചക്കുവള്ളി പടനിലം എന്ന സ്ഥലം ഇന്നും ആ പുരാതനയുദ്ധചരിത്രത്തിന്റെ സ്മാരകമായി നിലകൊള്ളുന്നു. ദ്രാവിഡപ്പഴമയുടെ ശക്തിയും സ്വാധീനവും ഈ പ്രദേശത്തിന്റെ പാരമ്പര്യത്തില്‍ അലിഞ്ഞുചേര്‍ന്നിരിക്കുന്നു. പോരുവഴി കാവുകളുടേയും കളരികളുടേയും കുളങ്ങളുടേയും കൂടി നാടാണ്. പോരുവഴിയുടെ പരിസ്ഥിതിസന്തുലനത്തില്‍ ഈ കാവുകളും കുളങ്ങളും വഹിക്കുന്ന പങ്ക് പ്രത്യേകം ശ്രദ്ധേയമാണ്. പള്ളിക്കലാറിന്റെ സാന്നിധ്യം നല്‍കുന്ന ഫലഭൂയിഷ്ഠതയും സ്വച്ഛതയും ഈ നാടിന്റെ സംസ്കാരത്തെ വാര്‍ത്തെടുക്കുന്നതിന് ഏറെ സഹായിച്ചിട്ടുണ്ട്. ദേശീയ സ്വാതന്ത്ര്യസമരത്തില്‍ സജീവമായി പങ്കെടുത്ത നിരവധി പേര്‍ ഈ നാട്ടിലുണ്ട്. മുളമൂട്ടില്‍

കിഴക്കതില് കുഞ്ഞുകുറുപ്പ്, തുണ്ടില് പടിഞ്ഞാറ്റതില് പൊടികുഞ്ഞ്, മരൂര് ഗോപാലപിള്ള, ടി.എം.മൈതീന് കുഞ്ഞ്, കൊയിപ്പുറത്ത് നാണു തുടങ്ങിയവര് അര് പ്പിതമനസ്ക്കരായി ഇന്ത്യന് സ്വാതന്ത്ര്യസമരത്തിനു വേണ്ടി പൊരുതിയ പോരുവഴിക്കാരായിരുന്നു. കഥകളിരംഗത്ത് ഒട്ടേറെ പ്രഗല് ഭമതികളെ സംഭാവന ചെയ്ത നാടാണ് പോരുവഴി. പോരുവഴി ശ്രീകൃഷ്ണവിലാസം കഥകളിയോഗം നടുവിലേമുറി കേന്ദ്രമാക്കിയാണ് പ്രവര് ത്തിച്ചിരുന്നത്. 60 വര് ഷത്തിലേറെ പഴക്കമുള്ള ഈ കഥകളിയോഗം പോരുവഴി ഗോവിന്ദക്കുറുപ്പിന്റെ നേതൃത്വത്തിലാണ് പ്രവര് ത്തനമാരംഭിച്ചത്. നാടകത്തിനും പുകഴ്പെറ്റ നാടാണ് പോരുവഴി. പോരുവഴി ജ്ഞാനസംവര് ദ്ധിനി ആര് ട്സ് ക്ളബ്ബിന്റെ ആഭിമുഖ്യത്തില് 1940-കളില് മലയാളത്തില് പ്രസിദ്ധമായിരുന്ന മാര് ത്താണ്ഡവര് മ്മ തുടങ്ങിയ മിക്ക നാടകങ്ങളും വേദികളില് അവതരിപ്പിക്കുകയുണ്ടായി. നാടന് കലകളുടേയും, നാടന് കളികളുടേയും കാര്യത്തില് പോരുവഴി സമ്പന്നമായിരുന്നു. കാക്കാരിശ്ശിനാടകവും, തിരുവാതിരക്കളിയും, ഒപ്പനയുമൊക്കെ ഗ്രാമീണ അരങ്ങുകളില് സൌന്ദര്യവും സാമര് ത്ഥ്യവും ഒത്തിണങ്ങിയ കലാരൂപങ്ങളായി നിറഞ്ഞുനിന്നിരുന്നു. ഒരു നൂറ്റാണ്ടെങ്കിലും പഴക്കമുള്ള പോരുവഴി ഗവ: ഹൈസ്ക്കൂളാണ് ഈ പ്രദേശത്തെ ആദ്യവിദ്യാലയം. സാംസ്കാരികനിലയത്തില് പ്രവര് ത്തിക്കുന്ന പഞ്ചായത്തുഗ്രന്ഥശാല ഉള് പ്പെടെ 5 ഗ്രന്ഥശാലകള് ഇവിടെ പ്രവര് ത്തിക്കുന്നുണ്ട്. 25-ലധികം കലാ-കായിക സമിതികളും പോരുവഴിയുടെ സാംസ്കാരികരംഗം ഊഷ്മളമാക്കുന്നു. പോരുവഴിയില് അമച്വര് നാടകസമിതികളും പ്രവര് ത്തിക്കുന്നുണ്ട്.

# ഭൂപ്രകൃതി

കൊല്ലം ജില്ലയിലെ കുന്നത്തൂര് താലൂക്കിലെ ശാസ്താംകോട്ട ബ്ളോക്കിലുള്ള ഒരു പഞ്ചായത്താണ് പോരുവഴി. ശാസ്താംകോട്ട ടൌണില് നിന്നും ഏകദേശം 4 കി.മീ. വടക്കുമാറിയാണ് പോരുവഴി സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിന്റെ മൊത്തം വിസ്തീര് ണ്ണം 19.35 ചി.കി.മീ ആണ്. പോരുവഴി പഞ്ചായത്തിന്റെ വടക്കേ അതിര് ത്തിയില് പത്തനംതിട്ട ജില്ലയില് ഉള് പ്പെടുന്ന പള്ളിക്കല് പഞ്ചായത്തും, കിഴക്കേ അതിര് ത്തിയില് പത്തനംതിട്ട ജില്ലയിലെ തന്നെ കടമ്പനാട് പഞ്ചായത്തും, തെക്ക് കിഴക്ക് കുന്നത്തൂര് പഞ്ചായത്തും, തെക്ക് ശാസ്താംകോട്ട പഞ്ചായത്തും, പടിഞ്ഞാറ് ഭാഗത്ത് ശൂരനാട് വടക്കും തെക്കും പഞ്ചായത്തുകളും സ്ഥിതി ചെയ്യുന്നു. വിസ്തൃതിയേറിയ കുന്നിന് ചരിവുകളും വിശാലമായ താഴ്വരകളും ഉയര് ന്ന കുന്നിന് പുറങ്ങളും ഇടകലര് ന്ന് കാണപ്പെടുന്നതാണ് പോരുവഴിയുടെ ഭൂപ്രകൃതി. പോരുവഴി പഞ്ചായത്ത് തികച്ചും ഒരു കര് ഷകഗ്രാമമാണ്. വിശാലമായ വയലേലകളും 47-ഓളം കുളങ്ങളും അനേകം തോടുകളുമുള്ള പ്രകൃതിരമണീയമായ ഗ്രാമമാണ് പോരുവഴി. ഭൂമി ഭൂരിഭാഗവും സമതലപ്രദേശമാണ്. പഞ്ചായത്തിന്റെ വടക്കേ അതിര് ത്തിയില് കാണുന്ന കോയിക്കല് മലയും മലനടക്ഷേത്രം സ്ഥിതി ചെയ്യുന്ന കുന്നിന് പ്രദേശങ്ങളും ഒഴിച്ചാല് മറ്റെല്ലാ സ്ഥലങ്ങളും സമതലപ്രദേശങ്ങള് ആണ്. സമുദ്രനിരപ്പില് നിന്നും 20 മീറ്ററിനും 40 മീറ്ററിനും മധ്യേ ഉയരമുള്ള ഭാഗങ്ങളാണ് ഭൂരിഭാഗവും. 20 മീറ്ററില് താഴെയുള്ള ഭാഗങ്ങള് പഞ്ചായത്തില് മധ്യഭാഗത്തും, വടക്കും, കിഴക്കും ഭാഗങ്ങളിലുമായാണ് വ്യാപിച്ചുകിടക്കുന്നത്. ചെങ്കല്ലാണ് ഇവിടുത്തെ പ്രധാനശിലാരൂപം. ആനപോട്ടുമലയില് മാത്രമാണ് പഞ്ചായത്തില് ഭൂമിക്ക് മുകളില് പാറകള് കാണപ്പെടുന്നത്. ഭൂഗര് ഭ ശാസ്ത്രത്തില് നൈസ് എന്ന് നാമകരണം ചെയ്തിട്ടുള്ള ഇത് പലയിനം ധാതുക്കള് അടങ്ങിയിട്ടുള്ള കറുപ്പ് നിറത്തിലുള്ള കല്ലാണ്. മറ്റൊരു പ്രധാനപ്പെട്ട ധാതു

അലുമിനിയത്തിന്റെ അയിരായ ബോക്സൈറ്റാണ്. വടക്കേമുറി വാര് ഡിലെ കോയിക്കലേത്ത് മുകള് ഭാഗത്താണ് ബോക്സൈറ്റ് ധാരാളമായി കാണപ്പെടുന്നത്. മഴയെ ആശ്രയിച്ചും കല്ലട ജലസേചന പദ്ധതിയുടെ കനാലിനെ ഒരു പരിധിവരെ ആശ്രയിച്ചും കൃഷികള് നടത്തിവരുന്ന പഞ്ചായത്താണ് പോരുവഴി. വളരെയധികം കുളങ്ങളും പള്ളിക്കലാറും അതിലേക്കു വന്നുചേരുന്ന തോടുകളും കല്ലട ജലസേചനപദ്ധതിയുടെ കനാലുകളും നിറഞ്ഞതാണ് പോരുവഴിയുടെ ജലസമ്പത്ത്. പഞ്ചായത്തില് മൊത്തമായി 47 കുളങ്ങളാണുള്ളത്. വടക്കേ അതിര് ത്തിയില് കൂടി 3.25 കിലോമീറ്റര് നീളത്തില് പള്ളിക്കലാറ് ഒഴുകുന്നു. പ്രധാനപ്പെട്ട തോടുകളെല്ലാം തന്നെ പള്ളിക്കല് ആറിന്റെ പോഷകതോടുകളാണ്. പഞ്ചായത്തിലെ മൊത്തം കനാലിന്റെ നീളം 23.20 കിലോമീറ്ററാണ്. എല്ലാ വാര് ഡുകളിലും കല്ലട ജലസേചനപദ്ധതിയുടെ കനാലുകള് എത്തിയിട്ടുണ്ട്.

## അടിസ്ഥാനമേഖലകൾ

25 സെന്റിനും 50 സെന്റിനും താഴെയുള്ള ഭൂഉടമകളാണ് ഏറെയും. മുൻ കാലത്ത് ഈ പഞ്ചായത്തില് തെങ്ങുകൃഷിയ്ക്ക് വളരെയേറെ പ്രാധാന്യമുണ്ടായിരുന്നു. പഞ്ചായത്തിലെ കർഷകരുടെ പ്രധാന മാർഗ്ഗവും ഇതു തന്നെയായിരുന്നു. ഈ പഞ്ചായത്തില് 751 ഹെക്ടര് സ്ഥലം നിലമായി കിടക്കുന്നു. പഞ്ചായത്തിലെ മിക്കവാർഡുകളിലും കശുമാവുകൃഷിയുണ്ട്. പഞ്ചായത്തിലെ പ്രധാനപ്പെട്ട കൃഷിയിനങ്ങളിലൊന്നാണ് വാഴ. കാലിവളര്ത്തല് ഒരു ഉപതൊഴിലായിട്ടാണ് സ്വീകരിച്ചിട്ടുള്ളത്. 1996 ആഗസ്റ്റ് ഒന്നാം തിയതിയാണ് പഞ്ചായത്തില് മൃഗാശുപത്രി സ്ഥാപിതമായത്. പഞ്ചായത്തില് അമ്പലത്തും ഭാഗത്തും ഇടയ്ക്കാട്ടിലും ഓരോ ഐ.സി.ഡി.പി. സബ്സെന്ററുകളും പ്രവർത്തിച്ചുവരുന്നു. പോരുവഴി പഞ്ചായത്ത് മത്സ്യബന്ധനവുമായി ബന്ധമുള്ള സ്ഥലമല്ല. പഞ്ചായത്തില് ആകെയുള്ള ജലാശയങ്ങള് 19.36 ഏക്കറാണ്. ഈ ജലാശയങ്ങള് പഞ്ചായത്തിലെ പതിനൊന്നു വാർഡുകളിലായി ചെറിയ കുളങ്ങളായും ഒരു ചിറയായും കിടക്കുന്നു. പരമ്പരാഗത വ്യവസായങ്ങളായ കയര്, കശുവണ്ടി, ഈറ്റ, തഴപ്പായ് നിര് മ്മാണം, കളിമണ് പാത്ര നിർമ്മാണം എന്നിവയാണ് ഈ പഞ്ചായത്തില് നിലവിലുള്ള വ്യവസായങ്ങള് . ചെറുകിട വ്യവസായ യൂണിറ്റുകളായി 50-ല് പ്പരം വ്യവസായങ്ങള് പഞ്ചായത്തില് പ്രവർത്തിക്കുന്നു. 150 ഓളം കുടുംബങ്ങള് പഞ്ചായത്തിന്റെ വിവിധ മേഖലയിലായി മത്സ്യവ്യവസായത്തില് ഏര് പ്പെട്ടിരിക്കുന്നു. പ്രധാന വ്യവസായമായ കശുവണ്ടി മേഖലയിലാണ് സ്ത്രീപങ്കാളിത്തം കൂടുതലായി കാണുന്നത്. കൊല്ലം ജില്ലയിൽപ്പെട്ട കുന്നത്തൂര് താലൂക്കിന്റെ വടക്കു കിഴക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന പോരുവഴി പഞ്ചായത്ത് ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജിന്റെ സാമീപ്യം കൊണ്ട് അനുഗ്രഹീതമാണ്. ഇന്ന് ഹൈസ്ക്കൂളായി പ്രവർത്തിക്കുന്ന പോരുവഴി ഗവ:ഹൈസ്ക്കൂള് ഉല്പതിഷ്ണുവും വിദ്യാഭ്യാസ തത്പരനുമായിരുന്ന വാഴപ്പള്ളില് ഗോവിന്ദപിള്ള എന്ന വ്യക്തി സ്വന്തം വീട്ടില് പ്രാഥമിക വിദ്യാലയമായി ആരംഭിച്ചതാണ്. 1976-ലാണ് ഇതൊരു ഹൈസ്ക്കൂളായി ഉയര്ത്തപ്പെട്ടത്. 1953-ല് പോരുവഴി പഞ്ചായത്ത് രൂപീകൃതമാകുന്നതിന് മുമ്പ് തന്നെ അടൂര് - ചവറ റോഡും, ഭരണിക്കാവ്-മാവേലിക്കര റോഡും ഭാഗികമായി ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നവയായിരുന്നു. തിരുവിതാംകൂര് മഹാരാജാവിന്റെ ഭരണകാലത്തു തന്നെ പോരുവഴി പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ജനപങ്കാളിത്തത്തോടെ റോഡുകള് നിര് മ്മിച്ചിരുന്നു എന്നതിന് തെളിവായി ശംഖുമുദ്രപതിച്ച സര് വ്വേകല്ലുകള് ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കാണാവുന്നതാണ്. മൂന്ന് ബസ് ടെര് മിനലുകളും രണ്ട് ആട്ടോസ്റ്റാന്റുകളും ഈ പഞ്ചായത്തിലുണ്ട്. ചക്കുവള്ളി മലനട വഴിയുള്ള കടമ്പനാട് റൂട്ടിലും, ചക്കുവള്ളി തെങ്ങമം റൂട്ടിലും,

മലനട കമ്പലടി വഴി ശാസ്താംനട റൂട്ടിലും നിരവധി വാഹനങ്ങള്‍ സര്‍വ്വീസ് നടത്തുന്നു. 40 വര്‍ഷങ്ങള്‍ക്കു മുമ്പ് പോരുവഴി പഞ്ചായത്തില്‍ വൈദ്യുതി ലഭ്യമായി. ശാസ്താംകോട്ട, അടൂര്‍ എന്നീ സബ്സ്റ്റേഷനുകളല്‍ നിന്നാണ് ഇവിടേക്ക് വൈദ്യുതി ലഭിക്കുന്നത്. 1960-ല്‍ അമ്പലത്തുംഭാഗത്ത് പ്രവര്‍ത്തനമാരംഭിച്ച കുന്നത്തൂര്‍ റൂറല്‍ കോ-ഓപ്പറേറ്റീവ് ഹൌസിംഗ് സൊസൈറ്റിയാണ് ഭവനനിര്‍മ്മാണരംഗത്ത് പ്രവര്‍ത്തിക്കുന്ന സ്ഥാപനം. പഞ്ചായത്തിലാകെ 27 പട്ടികജാതി കോളനികളുണ്ട്. പോരുവഴി പഞ്ചായത്തില്‍ നിലവിലുള്ള ഏക ഹരിജന്‍ സര്‍വ്വീസ് സഹകരണ സംഘത്തിന്റെ പ്രവര്‍ത്തനം പഞ്ചായത്തിലെ മുഴുവന്‍ ഹരിജനങ്ങളുടെയും സമഗ്രവികസനം മുന്നില്‍ കണ്ടുകൊണ്ട് പ്രവര്‍ത്തിക്കുന്നു. ഒരു നൂറ്റാണ്ടെങ്കിലും പഴക്കമുള്ള പോരുവഴി ഗവ:ഹൈസ്ക്കൂളാണ് ഈ പ്രദേശത്തെ ആദ്യവിദ്യാലയം. ഒരു പ്രൈമറി ഹെല്‍ത്തുസെന്ററും ഒരു ആയൂര്‍വേദ ആശുപത്രിയും ഒരു മാതൃ-ശിശുകുടംബക്ഷേമകേന്ദ്രവും പ്രവര്‍ത്തിക്കുന്ന ഇവിടെ 4 ഓളം ചെറുകിട സ്വകാര്യ ആശുപത്രികളുമുണ്ട്. റോഡുഗതാഗതമാണ് പോരുവഴിയിലുള്ളത്.

## സാംസ്കാരികരംഗം

1925-ല്‍ സ്ഥാപിച്ച വടക്കേമുറി ജ്ഞാനസംവര്‍ദ്ധിനി ഗ്രന്ഥശാലയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാല. ഇന്ന് പഞ്ചായത്തിലാകെ ആറു ഗ്രന്ഥശാലകളും അവയോടു ചേര്‍ന്നുള്ള വായനശാലകളും പ്രവര്‍ത്തിച്ചുവരുന്നു. 25-ഓളം കലാ-കായിക സമിതികള്‍ രജിസ്റ്റര്‍ ചെയ്തു പ്രവര്‍ത്തിച്ചുവരുന്നു. ഇവിടുത്തെ പ്രധാനമായ ഉത്സവങ്ങള്‍ മലനടമലക്കുടമഹോത്സവവും മയ്യത്തുംകര ചന്ദനക്കുടമഹോത്സവവുമാണ്. വമ്പിച്ച കരക്കെട്ടുത്സവമാണ് ഇവിടുത്തെ പ്രത്യേകത. ഒരു വിളവെടുപ്പുത്സവത്തിന്റെ കെട്ടും മട്ടും ഇതിനുണ്ട്. കാളയേയും കുതിരയേയും കെട്ടിയുണ്ടാക്കി ആര്‍പ്പുവിളികളോടെ കൊയ്ത്തു കഴിഞ്ഞ പാടങ്ങളില്‍ പ്രദര്‍ശിപ്പിക്കുന്നു. പിന്നെ കുത്തനെയുള്ള മലകയറി ക്ഷേത്രത്തെ വലം വെയ്ക്കുന്നു. മതനിരപേക്ഷമായ ഒരു ആരാധനാരീതിയാണ് ഇവിടെ ഇപ്പോഴും നിലനില്‍ക്കുന്നത്. മയ്യത്തുംകര ചന്ദനക്കുടവും വളരെയേറെ പ്രസിദ്ധമാണ്. ചന്ദനമരങ്ങള്‍ വളരുന്ന ദേവാലയാങ്കണമാണ് മയ്യത്തുംകരയില്‍ കാണാന്‍ കഴിയുക. കൊച്ചു തെരുവ് ക്രിസ്ത്യന്‍ പള്ളിയിലെ ഉത്സവവും ശ്രദ്ധേയമാണ്.

## അതിരുകൾ

വടക്കുഭാഗത്ത് പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ പഞ്ചായത്തും, കിഴക്കുഭാഗത്ത് പത്തനംതിട്ട ജില്ലയിലെതന്നെ കടമ്പനാട് പഞ്ചായത്തും, തെക്കുകിഴക്കുഭാഗത്ത് കുന്നത്തൂർ പഞ്ചായത്തും, തെക്കുഭാഗത്ത് ശാസ്താംകോട്ട പഞ്ചായത്തും, പടിഞ്ഞാറുഭാഗത്ത് ശൂരനാട് വടക്കും,

തെക്കും പഞ്ചായത്തുകളുമാണ് പോരുവഴി പഞ്ചായത്തുമായി അതിർത്തി പങ്കു വയ്ക്കുന്ന പ്രദേശങ്ങൾ

# പോരുവഴി പഞ്ചായത്ത്

# വാർഡ് 7

## 🎀സോഷ്യൽ ഓഡിറ്റ് ഫയൽ പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമനമ്പർ | പ്രവർത്തിയുടെ പേര് | വർക്ക് കോഡ് |
|---|---|---|
| 1. | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ഭൂവികസനം | 1613010003/LD/232829 |

## 🎀ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ വിവരങ്ങൾ.

| | |
|---|---|
| 1.കവർ പേജ് പേജ്. | വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഉള്ള കവർ പേജ് കാണാൻ സാധിച്ചു. |
| 2.ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്. | പരിശോധിച്ച പ്രവർത്തി ഫയലിൽ ചെക്ക് ലിസ്റ്റ് ഓഫ് ഡോക്സുമെന്റു കാണാൻ സാധിച്ചില്ല. |
| 3. വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ്. | വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ് കാണാൻ സാധിച്ചില്ല. |
| 4.വിശദമായ സാങ്കേതിക എസ്റ്റിമേറ്റിന് പകർപ്പ്. | പരിശോധിച്ച് ഫയലിൽ വിശദമായ സാങ്കേതിക എസ്റ്റിമേറ്റ് പകർപ്പ് കാണാൻ സാധിച്ചു. സെക്യൂർ |

| | |
|---|---|
| | നിന്നെടുത്തിട്ടുള്ള കോപ്പി ആയിരുന്നു അത്. വിശദമായ എസ്റ്റിമേറ്റ്, ലീഡ് ലിഫ്റ്റ് സ്റ്റേറ്റ്മെന്റ് എന്നിവ കാണാൻ സാധിച്ചു. |
| 5. ജനകീയ എസ്റ്റിമേറ്റ്. | പരിശോധിച്ച് ഫയലിൽ ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് കാണാൻ സാധിച്ചു. |
| 6. സാങ്കേതിക അനുമതിയുടെ പകർപ്പ്. | സാങ്കേതിക അനുമതി യുടെ പകർപ്പ് കാണാൻ സാധിച്ചില്ല. |
| 7. ഭരണഅനുമതിയുടെ പകർപ്പ്. | ഭരണാനുമതി യുടെ പകർപ്പ് പ്രവർത്തി ഫൈനൽ കാണാൻ സാധിച്ചില്ല. |
| 8. സംയോജിത പദ്ധതി. | പരിശോധിച്ച് പ്രവർത്തി ഫയൽ സംയോജിത പദ്ധതിയിൽ ഉൾപ്പെടുന്ന ആയിരുന്നില്ല. |
| 9. തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ. | തൊഴിൽ ആവശ്യപ്പെട്ടുള്ള അപേക്ഷ ഫയലിൽ കാണാൻ സാധിച്ചില്ല. |
| 10. തൊഴിൽ നൽകിയ സംബന്ധിച്ച വിവരങ്ങൾ. | ചില തൊഴിൽ സംബന്ധിച്ച വിവരങ്ങൾ ഫയൽ കാണാൻ സാധിച്ചില്ല. |
| 11. ഈ മാസ്റ്റർ റോൾ | പരിശോധിച്ച് പ്രവർത്തികളിൽ അഞ്ചു മാസ്റ്റർ റോൾ  കാണാൻ സാധിച്ചു. മാസ്റ്റർ റോളിൽ വെട്ടിത്തിരുത്തി ഒന്നും തന്നെ കാണാൻ സാധിച്ചില്ല. |
| 12. മെഷർമെന്റ് ബുക്ക് | പരിശോധിച്ച് പ്രവർത്തി ഫയൽ മെഷർമെന്റ് ബുക്ക് കാണാൻ സാധിച്ചു. പൂർത്തിയാക്കിയ മെഷർമെന്റ് ബുക്ക് ആയിരുന്നു. |
| 13. സാധനസാമഗ്രികളേ  കുറിച്ചുള്ള വിവരങ്ങൾ. | സാധനസാമഗ്രികൾ കുറിച്ചുള്ള വിവരങ്ങൾ എല്ലാം തന്നെ പരിശോധിച്ച് പ്രവർത്തി ഫൈനൽ കാണാൻ സാധിച്ചു. |
| 14. വേജ് ലിസ്റ്റ്. | വെയ്ജ്  ലിസ്റ്റ് പ്രവർത്തികളിൽ കാണാൻ സാധിച്ചില്ല. |
| 15..FTO | പ്രവർത്തി ഫയലിൽ FTO കാണാൻ സാധിച്ചില്ല. |
| 16. റോയൽറ്റി. | പരിശോധിച്ച് പ്രവർത്തകളിൽ റോയലിറ്റി കാണാൻ സാധിച്ചില്ല. |
| 17. 3 ഘട്ട ഫോട്ടോഗ്രാഫ് | 3 ഘട്ട ഫോട്ടോഗ്രാഫർ  3 ഘട്ട ഫോട്ടോഗ്രാഫ് കാണാൻ സാധിച്ചില്ല. |

| | |
|---|---|
| 18. പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം. | പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം പരിശോധിച്ച് പ്രവർത്തി ഫൈനൽ കാണാൻ സാധിച്ചു. |
| 19. ഫയൽ ട്രാക്കിംഗ്. | ഫയൽ ട്രാക്കിംഗ് പരിശോധിച്ച പ്രവർത്തി ഫൈനൽ കാണാൻ സാധിച്ചില്ല. |
| 20. ജിയോ ടാഗ് ഫോട്ടോഗ്രാഫ്. | ജിയോ ട്രാക്ക് ഫോട്ടോഗ്രാഫ് കാണാൻ സാധിച്ചില്ല. |
| 21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്. | പരിശോധിച്ച് ഫയലിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കാണാൻ സാധിച്ചില്ല. |
| 22. സൈറ്റ് ഡയറി. | പ്രവർത്തി ഫയലിൽ സൈഡ് ഡയറി കാണാൻ സാധിച്ചില്ല. |

## 🎀ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ

| ഒബ്സെർവഷൻ | റിമാർക്സ് | സൊല്യൂഷൻ |
|---|---|---|
| **കുഴി നിർമ്മാണം**<br><br>✔ കുഴി നിർമ്മാണം പ്രയോജനകരമായ ഒരു പ്രവൃത്തിയായി പല പ്രവർത്തി സ്ഥലങ്ങളിലും കാണാൻ സാധിച്ചു, എന്നാൽ കുഴികളിൽ പലതും കാടുപിടിച്ച് അവസ്ഥയിലായിരുന്നു. E:g: സുഹറബീവി<br><br>ചരുവിള കിഴക്കതിൽ<br><br>എം ബുക്ക്പ്രകാരം 120 കുഴികൾ ഉണ്ടായിരുന്നു എന്നാൽ ഫീൽഡിൽ കുഴികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ<br><br>ഷീജ ചരുവിള<br><br>30 കുഴികൾ എം ബുക്ക് പ്രകാരം ഉണ്ടായിരുന്നു. എന്നാൽ ഫീൽഡിൽ 23 കുഴികൾ മാത്രമേ കണ്ടുള്ളൂ.<br><br>ഷാഹിറ ചരുവിള വടക്കതിൽ<br><br>60 കുഴികൾ എം ബുക്ക് പ്രകാരം രേഖപ്പെടുത്തിയിരുന്നു എന്നാൽ 50 കുഴികൾ മാത്രമേ ഫീൽഡിൽ കാണാൻ സാധിച്ചുള്ളൂ.<br><br>ഹംസ മദീന മൻസിൽ<br><br>എം ബുക്കിൽ 60 കുഴികൾ രേഖപ്പെടുത്തിയിരിക്കുന്നു അഞ്ചു കുഴികൾ മാത്രമേ കാണാൻ സാധ്യമായുള്ളൂ | ✔മിക്ക കുഴികളിലും, ചേന, ചേമ്പ്, വാഴ, തുടങ്ങിയ കൃഷി കളാൽ സമൃദ്ധമായിരുന്നു. പരിശോധിച്ച പ്രവർത്തി ഫയലിലെ എം ബുക്ക് പ്രകാരമുള്ള കുഴികൾ ഒന്നും തന്നെ അല്ല കാണാൻ സാധിച്ചത്,മണ്ണു കയറി പകുതിയുടെ കുഴികളും നിറഞ്ഞിരുന്നു. | ✔ആവശ്യകതയനുസരിച്ച് മാത്രം പ്രവർത്തികൾ ചെയ്യുക. |

| | | |
|---|---|---|
| സുധ  പാലവിള<br><br>100 കുഴികൾ   എം ബുക്ക് പ്രകാരം ഉണ്ടായിരുന്നു. 34 എണ്ണം മാത്രമേ കാണാൻ സാധിച്ചുള്ളൂ<br><br>സരിത കളിക്കൽ വീട്<br><br>എം ബുക്ക് പ്രകാരം 100 മഴക്കുഴികൾ ഉണ്ടായിരുന്നു എന്നാൽ 15 എണ്ണം മാത്രമേ കാണാൻ സാധിച്ചുള്ളൂ<br><br>സുധർമ്മ രശ്മി ഭവനം<br><br>30 മഴക്കുഴികൾ എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു എന്നാൽ ഒൻപതെണ്ണം മാത്രമേ കാണാൻ സാധിച്ചുള്ളൂ.<br><br>സഫിയ പാറവിള<br><br>100 മഴ കുഴികളുടെ സ്ഥാനത്ത് 30 എണ്ണം മാത്രമേ കാണാൻ സാധിച്ചുള്ളൂ.<br><br>ഹനീഫ റാവുത്തർ പാറവിള<br><br>50 മഴക്കുഴിയുടെ സ്ഥാനത്ത് 20 കുഴികൾ മാത്രമാണ് കാണാൻ സാധിച്ചത്.<br><br>**🎀മൺ കയ്യാല**<br><br>✔️മൺ കയ്യാല പലയിടങ്ങളിലും തകർന്ന നിലയിലാണ് കാണപ്പെട്ടത്. ചില പ്രവർത്തി സ്ഥലങ്ങളിൽ മൺകയ്യാല  പൊളിച്ചു സിമന്റ് മതിലുകൾ | | |

| | | |
|---|---|---|
| നിർമിച്ചതായി കാണപ്പെട്ടു. പല പ്രവർത്തി സ്ഥലങ്ങളിലും കയ്യാലകൾ അളക്കാൻ പറ്റിയ അവസ്ഥയിലായിരുന്നില്ല.<br><br>ഷാഹിറ ചരുവിള വടക്കേതിൽ<br><br>50 മീറ്റർ മണ്‍ കയ്യാലയുടെ സ്ഥാനത്ത് 20 മീറ്റർ മണ്‍ കയ്യാല മാത്രമേ കാണാൻ സാധിച്ചുള്ളൂ<br><br>ജാസ്മി ചരുവിള തെക്കതിൽ<br><br>മണ്‍ കയ്യാല തകർന്ന അവസ്ഥയിലായിരുന്നു.<br><br>സബീന ഷമീമ മൻസ്സിൽ<br><br>മണ്‍കയ്യാല കൃത്യമായ അളവിൽ തന്നെ ഉണ്ടായിരുന്നു. എന്നാൽ തകർന്ന അവസ്ഥയിലായിരുന്നു. 50 സെന്റീമീറ്റർ ഉയരം കാണാൻ സാധിച്ചില്ല.<br><br>സുധ  പാലവിള<br><br>117 മീറ്റർ മണ്‍കയ്യാലയുടെ സ്ഥാനത്ത് 50 മീറ്റർ മാത്രമേ കാണാൻ സാധിച്ചുള്ളൂ.<br><br>സുധർമ രശ്മി ഭവനം<br><br>10 മീറ്റർ കയ്യാല  എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രവൃത്തി നടന്നിട്ടില്ല എന്ന് ഉടമസ്ഥർ ബോധ്യപ്പെടുത്തി.<br><br>**ജൈവവേലി**<br><br>✔പ്രകൃതി സംരക്ഷണത്തിന് | ✔ഭൂപ്രകൃതി അനുസരിച്ച് ഉള്ള മണ്‍ കയ്യാലകൾ  നിർമ്മിച്ചു കൊടുക്കുക | ✔മണ്‍കയ്യാല സംരക്ഷിക്കുന്നതിനായി പുല്ലുകൾ നട്ടു പിടിപ്പിക്കുക കയ്യാലയുടെ പുറത്തു ഓട് പാവുക ബുഷ് വേലിപ്പത്തൽ പച്ചപ്പുല്ല് ഇങ്ങനെയുള്ള പുല്ലുകൾ വെച്ചുപിടിപ്പിക്കുന്നത് മണ്‍കയ്യാലയുടെ സംരക്ഷണത്തിന് സഹായിക്കും.<br><br>\| |

| | | |
|---|---|---|
| മുൻതൂക്കം നൽകുന്ന പ്രവൃത്തിയാണ് ജൈവവേലി. പ്രവർത്തി സ്ഥലങ്ങളിൽ ഒരിടത്തും തന്നെ ജൈവവേലി കാണാൻ സാധ്യമായിരുന്നില്ല. | ✔ഒരു പ്രവർത്തി ചെയ്താൽ അത് സംരക്ഷിക്കേണ്ടത് ഉടമകളുടെ കൂടി ഉത്തരവാദിത്തമാണ്.ശീമക്കൊന്ന, ചെമ്പരത്തി, വേലി ചീര തുടങ്ങിയ സസ്യ വർഗ്ഗങ്ങൾ കൊണ്ട് ഉപകാരപ്രദമായ രീതിയിൽ ജൈവവേലി സംരക്ഷിക്കേണ്ടതുണ്ട്.<br>മണ്ണ് സംരക്ഷണം ജലസംരക്ഷണം എന്നിവ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവർത്തി ആയ ജൈവവേലി നിലനിർത്തി പോരാൻ സാധ്യമായിട്ടില്ല. ജൈവവേലി യുടെ അവശിഷ്ടങ്ങൾ പോലും എങ്ങും തന്നെ കാണാൻ സാധ്യമായില്ല. | ✔ആസ്തി സൃഷ്ടികാതെ പോ തുധനം നഷ്ടപ്പെടുന്ന പ്രവർത്തിയാണ് കാണാൻ സാധിച്ചത്. |
| 🎀കൃഷിഭൂമി ഒരുക്കുന്ന സ്ഥലത്ത് ചപ്പുചവറുകൾ നീക്കം ചെയ്യൽ | ✔ ചവറുകൾ നീക്കം ചെയ്യുന്നത് പരിസര മലിനീകരണം കുറയ്ക്കാനുള്ള വളരെ മെച്ചപ്പെട്ട പ്രവർത്തനം ആണ് | ✔മലിനീകരണം ഒഴുവാക്കി പ്രകൃതി സംരക്ഷണം നടത്തുന്ന പ്രവർത്തനം ആണ് . |
| 🎀കുടുംബങ്ങൾക്ക് കൃഷി സ്ഥലം ഒരുക്കൽ<br>✔കൃഷിസ്ഥലങ്ങൾ കൃഷി കൊണ്ട് സമ്പുഷ്ടമായിരുന്നു. പോയ പ്രവർത്തി മെച്ചപ്പെട്ട പ്രവർത്തനം ആണ്സ്ഥലങ്ങളിലെല്ലാം കൃഷി കൃത്യമായി തന്നെ കാണാൻ സാധ്യമായി. എന്നാൽ ഒരു പ്രവൃത്തി സ്ഥലത്തു മാത്രം കൃഷി | ✔കൃഷിയെ പരിപോഷിപ്പിക്കുന്ന | ✔കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന |

| | | |
|---|---|---|
| കാണാൻ സാധ്യമായില്ല.(രോഹിണി രാജു  രാജു മന്ദിരം ) | തരം പ്രവൃത്തിയായിരുന്നു ഇത്. കൃഷി മെച്ചപ്പെടുത്തുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്ന.തിനും സഹായിക്കുന്ന തരം പ്രവൃത്തികളിൽ ഉൾപ്പെടുന്നതാണ്. | തരത്തിൽ ഉള്ള ¡പ്രവർത്തികൾ ഇനിയും പരിപോഷിപ്പിക്കേണ്ടതാണ്. |

# അവകാശ അധിഷ്ഠിത നിഷേധങ്ങൾ/ ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ

🎀 തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നൽകി 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ല.

🎀 തൊഴിലില്ലായ്മ വേദനത്തെക്കുറിച്ചോ എത്ര ദിവസത്തിനു ശേഷം തൊഴിൽ ലഭിക്കും എന്നതിനെക്കുറിച്ചോ തൊഴിലാളികൾക്ക് വ്യക്തമായ ധാരണ ഇല്ലായിരുന്നു.

🎀 15 ദിവസത്തിന് ശേഷം തൊഴിൽ ലഭിക്കാതിരുന്നിട്ടും തൊഴിലില്ലായ്മ വേതനം അവർക്ക് കിട്ടിയില്ല ഈ സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള തൊഴിലാളികളുടെ അ വസരമാണ് നിഷേധിച്ചിരിക്കുന്നത്.

🎀 തൊഴിൽ കാർഡ് ലഭിക്കുന്നതിനായി ചിലവാക്കിയ തുക ( ഫോട്ടോ എടുക്കുന്ന ചാർജ്, ഫോട്ടോ കോപ്പി ചാർജ് )നല്കേയേണ്ടതുണ്ട്, എന്നാൽ മേൽപ്പറഞ്ഞ തൊഴിലാളികൾക്ക് ഒന്നും ഈ തുക ലഭിച്ചിട്ടില്ല. എന്നാൽ ആദ്യകാലങ്ങളിൽ ഫോട്ടോ പഞ്ചായത്തിൽ തന്നെ എടുക്കുന്ന രീതി ആയിരുന്നു ഉണ്ടായിരുന്നത്.

🎀 എം ജി എൻ ആർ ഇ നിയമപ്രകാരം തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ കിട്ടേണ്ട അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, ക്രഷ് സൗകര്യം, തണൽ സൗകര്യം എന്നിവ ലഭിക്കേണ്ടതുണ്ട് എന്നാൽ ഇവയൊന്നും തൊഴിലാളികൾക്ക് ലഭിക്കുന്നതായി അറിയാൻ കഴിഞ്ഞില്ല. ഫസ്റ്റ് എയ്ഡ് കിറ്റ് പി എച്ച് ഡി സെന്റർ മുഖേന ലഭിക്കാൻ ഉണ്ടെന്നാണ് മേറ്റ് ബോധ്യപ്പെടുത്തിയത്.

🎀 പ്രവർത്തി സ്ഥലങ്ങളിൽ വെച്ച് ഉണ്ടാകുന്ന അപകടങ്ങൾ, അവയ്ക്ക് ചികിത്സ തേടുന്നതിനുള്ള സൗകര്യം സൗജന്യമാണെന്ന് ആർക്കും അറിവില്ലായിരുന്നു.

🎀 നിയമപ്രകാരം അഞ്ചു കിലോമീറ്റർ അപ്പുറം ജോലി ചെയ്യുകയാണെങ്കിൽ തൊഴിലാളികൾക്ക് യാത്ര ബത്ത നൽകണം ഈ സാഹചര്യം വരാത്തതിനാൽ അതിനെക്കുറിച്ച് അവർക്ക് യാതൊരു ധാരണയും ഇല്ലായിരുന്നു.